പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5918 28.03.2018- ൽ മറുപടിയ്ക്ക്

## വനിതവികസന കോർപ്പറേഷൻ

ചോദ്യം

ശ്രീ.രാജു എബ്രഹാം

മറുപടി

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | വനിത വികസന കോർപ്പറേഷൻ മുഖേന വനിതകൾക്ക് സ്വാശ്രയത്വം ലഭിക്കാൻ കഴിയുന്ന എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്; ഓരോന്നിന്റെയും വിശദാംശങ്ങൾ നൽകുമോ ; | (എ) | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന വനിതകൾക്ക് സ്വാശ്രയത്വം ലഭിക്കാൻ കഴിയുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**1) സ്വയം തൊഴിൽ വായ്പാ പദ്ധതി**<br>കോർപ്പറേഷൻ സംസ്ഥാനത്തെ പിന്നാക്ക, ന്യൂനപക്ഷ, പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾക്ക് സ്വയം തൊഴിൽ വായ്പ നൽകുന്നതിലേക്ക് മൂന്ന് പ്രധാന ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെ ചാനലൈസിംഗ് ഏജൻസി ആയി പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം ഉപയോഗിച്ച് പൊതു വിഭാഗത്തിൽപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകൾക്കും വായ്പ നല്കി വരുന്നു.<br>**2) പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ (റീച്ച്) (തിരുവനന്തപുരം, കണ്ണൂർ)**<br>കേരളത്തിലെ സ്ത്രീകൾക്ക് വേണ്ടി ആരംഭിച്ച |

| | | | |
|---|---|---|---|
| | | | ഫിനിഷിംഗ് സ്കൂൾ ആണ് ഒരു സംസ്ഥാന സർക്കാർ സംരംഭമായ REACH (റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്). തിരുവനന്തപുരത്തും കണ്ണൂർ പിലാത്തറയിലുമാണ് നിലവിൽ റീച്ച് സെന്ററുകൾ പ്രവർത്തിക്കുന്നത്. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിലവസരങ്ങൾ നൽകുന്നതിലേക്കുള്ള പരിശ്രമങ്ങളും റീച്ച് മുൻ കൈയ്യെടുത്ത് നടത്തി വരുന്നു.<br><br>**3) <u>ആദിവാസി വനിതാ വികസന പദ്ധതി</u>**<br><br>ആദിവാസി സ്ത്രീകളുടെ തൊഴിലും, നൈപുണ്യവും പരിപോഷിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ എത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. 'വനമിത്ര' പൈലറ്റ് പ്രോജക്ട് കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ പഞ്ചായത്തിലെ മുതുകാട് ആദിവാസി സെറ്റിൽമെന്റ് കോളനിയിൽ 2017 നവംബറിൽ ആരംഭിച്ചു.<br><br>**4) <u>വിധവകൾക്ക് വേണ്ടിയുള്ള സംരംഭകത്വ വികസന പരിശീലന പരിപാടികൾ</u>**<br><br>വിധവകളെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിലേക്കായി സംരംഭകത്വ പരിശീലനത്തിനു പുറമെ ധൈര്യപൂർവ്വം ജീവിത സാഹചര്യങ്ങളെ നേരിടുന്നതിനും സ്വയം തീരുമാനമെടുക്കുന്നതിനും, സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും അവരെ പ്രാപ്തരാക്കുന്ന സംരംഭകത്വ പരിശീലന |

| | | | |
|---|---|---|---|
| | | | പരിപാടിയാണിത്. |
| (ബി) | തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതമായി താമസിക്കുന്നതിനായി ലേഡീസ് ഹോസ്റ്റലുകൾ എവിടെയൊക്കെയാണ് ഉള്ളത്; | (ബി) | തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതമായി താമസിക്കുന്നതിനായി താഴെപ്പറയുന്ന ജില്ലകളിൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലേഡീസ് ഹോസ്റ്റലുകൾ നടത്തി വരുന്നു.<br>തിരുവനന്തപുരം - 2<br>എറണാകുളം - 1<br>കോഴിക്കോട് - 1<br>മലപ്പുറം - 2<br>വയനാട് - 1<br>കണ്ണൂർ - 1<br>കൂടാതെ മലപ്പുറം പെരിന്തൽമണ്ണയിൽ ഹോസ്റ്റലിനായുള്ള ശിലാസ്ഥാപനം 2018, ജനുവരിയിൽ നടത്തുകയും നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | എല്ലാ ജില്ലാ ആസ്ഥാനങ്ങളിലെങ്കിലും ഇത്തരം ഹോസ്റ്റലുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; താലൂക്ക് കേന്ദ്രങ്ങളിൽക്കൂടി ഇത്തരം ഹോസ്റ്റലുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇതിനായുള്ള നടപടി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ